പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1856 4/10/2011 ൽ മറുപടിയ്ക്ക്

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം

ചോദ്യം ഉത്തരം

ശ്രീ. കെ.കെ.ജയചന്ദ്രൻ : ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഇവ ലഭിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; | (എ)<br>1. അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കുമായുള്ള പ്രത്യേക പെൻഷൻ<br><br>മിനിമം 40% അംഗവൈകല്യമുള്ള വർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും ഈ പെൻഷൻ നൽകിവരുന്നു. ടി പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗരപ്രദേശങ്ങ ളിലുള്ളവർക്ക് 22,375/- രൂപയുമാണ്.<br>2. അഗതി (വിധവ) പെൻഷൻ<br>വിവാഹബന്ധം വേർപെടുത്തുന്ന തിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുന്ന തിലൂടെയോ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്യിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി |

| | |
|---|---|
| | ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗരപ്രദേശങ്ങിലുള്ളവർക്ക് 22,375 /- രൂപയുമാണ്.<br>3. ദേശീയ വാർദ്ധക്യകാല പെൻഷൻ<br>കേന്ദ്ര സർക്കാരിൻെറ മാനദണ്ഡ മനുസരിച്ച് 65 വയസ്സിനുമുകളിൽ പ്രായമുള്ള ബി.പി.എൽ ലിസ്റ്റിലുള്ള എല്ലാവർക്കും ഈ പെൻഷന് അർഹതയുണ്ട്.ഇപ്പോൾ പ്രായപരിധി 60 വയസ്സായി കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ട്<br>4. അമ്പതു വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ് ത്രീകൾക്കുള്ള പെൻഷൻ<br>മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത അമ്പതു വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്ക് ഈ പെൻഷന് അർഹതയുണ്ട്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയായും നഗരപ്രദേശ ങ്ങിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട് |
| (ബി) ഓണക്കാലത്ത് വിതരണം നടത്തിയ പെൻഷനുകൾ, വർദ്ധിപ്പിച്ച പുതിയ നിരക്കിലാണോ നൽകിയത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി). പെൻഷൻ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം അനുസരി ച്ചുള്ള അധിക സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. അതിനാൽ നിലവിലുള്ള നിരക്കിലാണ് പെൻഷൻ നൽകിയിട്ടുള്ളത് |
| (സി). വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) വിവിധ സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം (31/8/2011 വരെ |

| | |
|---|---|
| | യുള്ളത്) അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ഇത്തരം പെൻഷനുകൾ എപ്രകാരമാണ് വിതരണം നടത്തുന്നത് ; | (ഡി) പെൻഷൻ വിതരണത്തിനുള്ള തുക ജില്ലാ കളക്ടർമാർ മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയാണ് ചെയ്യുന്നത് |
| (ഇ ). പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട് മുഖാന്തിരം പെൻഷനുകൾ വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ? | (ഇ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

R. Vijayak

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | വികലാംഗ പെൻഷൻ | അഗതി (വിധവ) പെൻഷൻ | ദേശീയ വാർദ്ധക്യകാല പെൻഷൻ | അമ്പതു വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ |
|---|---|---|---|---|
| തിരുവനന്തപുരം | 26951 | 74158 | 48770 | 3512 |
| കൊല്ലം | 22682 | 69274 | 15729 | 1748 |
| പത്തനംതിട്ട | 8003 | 20868 | 5455 | 863 |
| ആലപ്പുഴ | 15853 | 31211 | 14319 | 3367 |
| കോട്ടയം | 12089 | 25719 | 10890 | 1724 |
| ഇടുക്കി | 4687 | 10778 | 4401 | 250 |
| എറണാകുളം | 21096 | 60873 | 13700 | 4137 |
| തൃശൂർ | 21600 | 67800 | 15800 | 8700 |
| പാലക്കാട് | 20192 | 63264 | 33543 | 5339 |
| മലപ്പുറം | 28166 | 79910 | 28618 | 3264 |
| കോഴിക്കോട് | 22858 | 62448 | 6144 | 6763 |
| വയനാട് | 5447 | 18182 | 5098 | 227 |
| കണ്ണൂർ | 22673 | 22574 | 40393 | 7649 |
| കാസർഗോഡ് | 10980 | 26524 | 10618 | 1108 |

R. Vijayesh

സെക്ഷൻ ഓഫീസർ